**ഭരണഭാഷ-മാതൃഭാഷ**

ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

എഡി.ബി7/21747/എച്ച്.എസ്.ഇ/2014 തീയതി : 11.07.2014

## സർക്കുലർ

വിഷയം: ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ് - പ്രിൻസിപ്പാൾ പ്രമോഷനുവേണ്ടി പരിഗണിക്കുന്നത് - സംബന്ധിച്ച് -

സൂചന : 09.06.2014, 12.06.2014 എന്നീ ദിവസങ്ങളിൽ ഇതേ നമ്പരിൽ ഈ ഓഫീസിൽ നിന്ന് പുറപ്പെടുവിച്ച സർക്കുലർ

2014-ലെ സർക്കാർ ഹയർസെക്കന്ററി സ്കൂളുകളിലെ ഒഴിവുള്ള പ്രിൻസിപ്പാൾ തസ്തികകളിലേക്ക് പ്രമോഷൻ നൽകുന്നതിനായി സൂചന പ്രകാരം കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ആവശ്യപ്പെട്ടിരുന്നു. 2012, 2013, 2014 എന്നീ വർഷങ്ങളിൽ ഉണ്ടായ പ്രിൻസിപ്പാൾ തസ്തികയിലെ ഒഴിവുകളിലേക്കാണ് ഇക്കൊല്ലം പ്രിൻസിപ്പാൾ പ്രമോഷൻ നടത്തുന്നത്. ആയതിനാൽ സൂചന പ്രകാരം 2011, 2012, 2013, 2014 മെയ് 31 വരെയുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ മുൻപ് സമർപ്പിച്ച ഹയർസെക്കന്ററി അദ്ധ്യാപകർ/ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാർ 2009, 2010 എന്നീ വർഷങ്ങളിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ കൂടി (Performance Appraisal Form II (B)) അതാത് വർഷത്തെ സ്വയം വിലയിരുത്തലും സഹിതം 15.07.2014-ന് 5.00 പി.എം-ന് മുൻപായി ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്. അവ്യക്തമായതും, ഭാഗികവും നിശ്ചിത സമയത്തിന് ശേഷം ലഭിക്കുന്നതുമായ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ മറ്റൊരു അറിയിപ്പ് നൽകാതെ തന്നെ നിരസിക്കുന്നതാണ്. കോൺഫിഡൻഷ്യൽ റിപ്പോർട്ടുകളുടെ മുകളിൽ സീനിയോറിറ്റി ലിസ്റ്റിലെ റാങ്ക് നമ്പറിനോടൊപ്പം "Confidential Reports for Principal Posting 2014" എന്ന് രേഖപ്പെടുത്തേണ്ടതാണ്.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ
ഡയറക്ടർക്കുവേണ്ടി

1) ബന്ധപ്പെട്ട വ്യക്തികൾക്ക്
2) പൊതുവിദ്യാഭ്യാസ ഡയറക്ടർ (ആമുഖ കത്ത് സഹിതം)
3) ഹയർസെക്കന്ററി മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർ
4) ബന്ധപ്പെട്ട ഗവ.സ്കൂൾ പ്രിൻസിപ്പാൾമാർ/ ഹെഡ്മാസ്റ്റർമാർ
5) കരുതൽ ഫയൽ/ഫയൽകോപ്പി

23/Jay/11.07.14